Onam Season: Gift scheme of Godrej Appliances

# ഓണ വിപണി: സമ്മാന പദ്ധതിയുമായി ഗോദ്റേജ് അപ്ലയൻസസ്

കൊച്ചി: ഗോദ്റേജ് അപ്ലയൻസസ് ഓണ വിപണിയിൽ പുതുനിര ഉൽപന്നങ്ങളും സ്വർണ സമ്മാന പദ്ധതിയും അവതരിപ്പിച്ച് 65 കോടി രൂപയുടെ വിൽപന നേടും. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 50% വളർച്ചയാണു കമ്പനി പ്രതീക്ഷിക്കുന്നത്. കളർ ടെലിവിഷനുകളും ഫ്രോസ്റ്റ് ഫ്രീ റഫ്രിജറേറ്റർ, സ്പ്ലിറ്റ് എസി, വാഷിങ് മെഷീൻ, മൈക്രോവേവ് അവൻ എന്നിവയുടെ പുതിയ മോഡലുകളും ഉയർന്ന വിറ്റുവരവിന് സഹായകമാകും. ഇതോടൊപ്പം രണ്ടു കിലോ സ്വർണനാണയങ്ങൾ ഉൾപ്പെടെയുള്ള സമ്മാനങ്ങളുമുണ്ടെന്നു ഗോദ്റേജ് അപ്ലയൻസസ് ആൻഡ് മാർക്കറ്റിങ് വൈസ് പ്രസിഡന്റ് കമൽ നന്ദി പറഞ്ഞു. വാഷിങ് മെഷീൻ, റഫ്രിജറേറ്റർ, എയർ കണ്ടീഷണർ, മൈക്രോവേവ് അവൻ, ടെലിവിഷൻ തുടങ്ങിയവയ്ക്കാണ് ഒരു ഉപഭോക്താവിനു പരമാവധി 50 ഗ്രാം സ്വർണനാണയങ്ങൾ വരെ ലഭിക്കുന്ന സമ്മാന പദ്ധതി. ഇതല്ലെങ്കിൽ നോൺസ്റ്റിക് അപ്പച്ചട്ടി ഉറപ്പായും ലഭിക്കുമെന്നു സീനിയർ ജനറൽ മാനേജർ (മാർക്കറ്റിങ്) രമേഷ് ചെമ്പത്ത് അറിയിച്ചു.